File No.LSGD-IB1/206/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ 1998 മോഡൽ മഹീന്ദ്ര ജീപ്പിന്റെ രജിസ്ട്രേഷൻ പുതുക്കുന്നതിന്റെ ഭാഗമായി അറ്റകുറ്റപ്പണികൾ നടത്തിയത്-നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.756/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 15/04/2020

---

പരാമർശം:- 1 3.10.2018-ലെ സ.ഉ.(കൈ) നം.401/2018/ധന.

2 ഗ്രാമവികസന കമ്മീഷണറുടെ 07.06.2019, 28.10.2019, 24.12.2019 എന്നീ തീയതികളിലെ 8105/എസി & എഡി. 5/19/സിആർഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

ഗ്രാമ വികസന വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ 1998 മോഡൽ മഹീന്ദ്ര ജീപ്പിന്റെ (KL-01-P-3547) 20 വർഷത്തെ രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ ടി വാഹനം പുനർ രജിസ്ട്രേഷൻ ചെയ്യുന്നതിന്റെ ഭാഗമായി 73,014/- രൂപയുടെ അപ്പ്രൂവ്ഡ് എസ്റ്റിമേറ്റിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

2) 1998 മോഡൽ മഹീന്ദ്ര ജീപ്പിന്റെ (KL-01-P-3547) ഫിറ്റ്നസ് കാലാവധി അവസാനിക്കുന്നതിന് മുൻപ് ഫിറ്റ്നസിന് വേണ്ടി ആർ.ടി.ഒ. മുൻപാകെ ഹാജരാക്കേണ്ടിയിരുന്നതിനാൽ സർക്കാർ അംഗീകൃത വർക്ക് ഷോപ്പിൽ ക്രെഡിറ്റ് വ്യവസ്ഥയിൽ അറ്റകുറ്റ പണികൾ നടത്തുകയും ടി വാഹനത്തിന് 28.05.2024 വരെ രജിസ്ട്രേഷൻ കാലാവധി പുതുക്കുകയും ചെയ്തിട്ടുണ്ടെന്നും ഫണ്ടിന്റെ അപര്യാപ്തത കാരണം പുതിയ വാഹനം വാങ്ങുന്നതിന് പരിമിതിയുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം 75,000/- രൂപവരെയുള്ള വാഹന അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അനുമതി നൽകാൻ ഭരണവകുപ്പുകൾക്ക് ഡെലിഗേഷൻ ഉള്ളതിനാൽ, ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ 1998 മോഡൽ മഹീന്ദ്ര ജീപ്പിന്റെ (KL-01-P-3547) രജിസ്ട്രേഷൻ പുതുക്കുന്നതിന്റെ ഭാഗമായി 73,014/- രൂപയുടെ അപ്പ്രൂവ്ഡ് എസ്റ്റിമേറ്റിൽ അറ്റകുറ്റപ്പണികൾ നടത്തിയ ഗ്രാമവികസന കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രോജക്റ്റ് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

**File No.LSGD-IB1/206/2019-LSGD**

ധനകാര്യ വകുപ്പ് (06.10.2019-ലെ ഡധവ-3/150/2019-ധന പ്രകാരം.)

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.